## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*572** — **23.05.2017 ൽ മറുപടിയ്ക്ക്**

### ജൈവകർഷകർക്ക് പ്രാദേശികതലത്തിൽ അംഗീകാരം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എം. രാജഗോപാലൻ**<br>**ശ്രീ.രാജു എബ്രഹാം**<br>**ശ്രീ.എ.എം. ആരിഫ്**<br>**ശ്രീ.കാരാട്ട് റസാഖ്** | **ശ്രീ. വി.എസ്.സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |
| എ) ജൈവകൃഷിക്കാവശ്യമായ ജൈവവളവും ജൈവകീടനാശിനിയും ആവശ്യാനുസരണം ലഭ്യമാകുന്നില്ലെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | എ) ഉണ്ട്. ജൈവവളവും ജൈവകീടനാശിനിയും കൃഷിയിടത്തിൽ തന്നെ ഉൽപാദിപ്പിക്കുന്നതിനുള്ള പ്രോത്സാഹനവും ധനസഹായവും കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി നടപ്പ സാമ്പത്തിക വർഷത്തിൽ ഓരോ ബ്ലോക്കിലും 5 യൂണിറ്റുകൾ വീതം 146 ബ്ലോക്കുകളിലായി **730** ജൈവവള നിർമ്മാണ യൂണിറ്റുകൾക്കായി യൂണിറ്റൊന്നിന് 5000 രൂപ ക്രമത്തിൽ **36.50** ലക്ഷം രൂപ ധനസഹായം നൽകാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട് |
| ബി) ഇത്തരം കൃഷിക്കുവരുന്ന അധിക ചെലവിന് ആനുപാതികമായി വില ലഭിക്കാത്തത് ജൈവകൃഷിയിൽ നിന്നും പിൻതിരിയാൻ കർഷകരെ പ്രേരിപ്പിക്കുന്നത് പരിഗണിച്ച് ഇത്തരം ഉൽപ്പന്നങ്ങൾ പരിശോധിച്ച് ബ്രാന്റ് ചെയ്ത് ന്യായവില ലഭ്യമാക്കാൻ നടപടിയുണ്ടാകുമോ; | ബി) നല്ല കൃഷി മുറകൾ വഴി കർഷകരുടെ ക്ലസ്റ്ററുകളിൽ ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങൾ " കേരള ഓർഗാനിക് " എന്ന ബ്രാൻഡിൽ കർഷകർക്ക് പ്രീമിയം വില ലഭിക്കുന്ന രീതിയിൽ ഇക്കോഷോപ്പുകളിലൂടെ വിപണനം നടത്തുന്നു. ഇതിനായി നിലവിൽ 66 ഇക്കോഷോപ്പുകൾ പ്രവർത്തിച്ച് വരുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ അധികമായി 100 ഇക്കോഷോപ്പുകൾ കൂടി ആരംഭിക്കുവാൻ പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. ഇക്കോഷോപ്പുകൾ സ്ഥാപിക്കുന്നതിനായി ഓരോ ഇക്കോഷോപ്പിനും 2.00 ലക്ഷം രൂപ ധനസഹായം നൽകി വരുന്നു. കർഷകർ ഇക്കോഷോപ്പ് വഴി നല്ല കൃഷിമുറകൾ |

| | | | |
|---|---|---|---|
| | | | അവലംബിച്ച് ഉല്പാദിപ്പിച്ച പച്ചക്കറികൾ വിൽപന നടത്തുമ്പോൾ കിലോക്ക് 5 രൂപ ക്രമത്തിൽ ധനസഹായവും നൽകി വരുന്നുണ്ട്. |
| സി) | ജൈവകർഷകർക്ക് പ്രാദേശികതലത്തിൽ അംഗീകാരം നൽകി കൃഷി വ്യാപനത്തിന് പ്രോത്സാഹനം നൽകാൻ നടപടിയെടുക്കുമോ? | സി) | ജൈവ കർഷകർക്ക് പ്രാദേശിക തലത്തിൽ അംഗീകാരം നൽകുന്നതിന് ജൈവ കാർഷിക മണ്ഡലം അവാർഡ് ആസൂത്രണം ചെയ്തിട്ടുണ്ട്. ജൈവകൃഷിയിൽ മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന നിയോജക മണ്ഡലം, മുൻസിപ്പാലിറ്റി, കോർപ്പറേഷൻ, ഗ്രാമ പഞ്ചായത്തുകൾ എന്നിവയ്ക്ക് അവാർഡുകൾ നൽകുന്നതിനായി 123 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. |

S. [signature]

**സെക്ഷൻ ഓഫീസർ**